പതിനാലാം കേരള നിയമസഭ
ബിൽ നമ്പർ 238

# 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 23-01-2020

പതിനാലാം കേരള നിയമസഭ
ബിൽ നമ്പർ 238

# 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

43/2020.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 238

# 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

## 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

**ഒരു**

**ബിൽ**

പീഠിക.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 6-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 6-ാം വകുപ്പ്, (3)-ാം ഉപവകുപ്പിൽ,—

(i) (എ) ഖണ്ഡത്തിൽ, "പതിമൂന്നിൽ കുറയാനോ ഇരുപത്തി മൂന്നിൽ കവിയാനോ" എന്ന വാക്കുകൾക്ക് പകരം "പതിനാലിൽ കുറയാനോ ഇരുപത്തി നാലിൽ കവിയാനോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (ബി) ഖണ്ഡത്തിൽ "പതിമൂന്നിൽ കുറയാനോ ഇരുപത്തി മൂന്നിൽ കവിയാനോ" എന്ന വാക്കുകൾക്ക് പകരം "പതിനാലിൽ കുറയാനോ ഇരുപത്തിനാലിൽ കവിയാനോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (സി) ഖണ്ഡത്തിൽ "പതിനാറിൽ കുറയാനോ മുപ്പത്തിരണ്ടിൽ കവിയാനോ" എന്ന വാക്കുകൾക്ക് പകരം "പതിനേഴിൽ കുറയാനോ മുപ്പത്തിമൂന്നിൽ കവിയാനോ " എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 6-ാം വകുപ്പ് പഞ്ചായത്തുകളുടെ അംഗസംഖ്യ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, കാനേഷുമാരി അനുസരിച്ച് പ്രസക്ത കണക്കുകൾ പ്രസിദ്ധപ്പെടുത്തിയതിനുശേഷം, (3)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള തോതിന് വിധേയമായി, പഞ്ചായത്തിലെ ആകെ സ്ഥാനങ്ങളുടെ എണ്ണത്തിൽ മാറ്റം വരുത്താവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. നിലവിൽ ആക്റ്റിലെ 6-ാം വകുപ്പ് (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ പ്രകാരം പഞ്ചായത്തിലെ ആകെ സ്ഥാനങ്ങളുടെ എണ്ണം, ഒരു ഗ്രാമ പഞ്ചായത്തിന്റെ സംഗതിയിൽ പതിമൂന്നിൽ കുറയാനോ ഇരുപത്തിമൂന്നിൽ കവിയാനോ, ഒരു ബ്ലോക്ക് പഞ്ചായത്തിന്റെ സംഗതിയിൽ പതിമൂന്നിൽ കുറയാനോ ഇരുപത്തിമൂന്നിൽ കവിയാനോ, ഒരു ജില്ലാ പഞ്ചായത്തിന്റെ സംഗതിയിൽ പതിനാറിൽ കുറയാനോ മുപ്പത്തിരണ്ടിൽ കവിയാനോ പാടുള്ളതല്ല. എന്നാൽ, ഏതെങ്കിലും തലത്തിലുള്ള ഒരു പഞ്ചായത്തിന്റെ ഭൂപ്രദേശത്തിന്റെ ജനസംഖ്യയും അപ്രകാരമുള്ള പഞ്ചായത്തുകളിൽ തെരഞ്ഞെടുപ്പ് മുഖാന്തിരം നികത്തേണ്ടതായ സ്ഥാനങ്ങളുടെ എണ്ണവും തമ്മിലുള്ള അനുപാതം പ്രായോഗികമാകുന്നിടത്തോളം സംസ്ഥാനത്തൊട്ടാകെ ഒന്നു തന്നെയായിരിക്കേണ്ടതാണ് എന്ന് (3)-ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധന വ്യവസ്ഥ ചെയ്യുന്നു.

2011-ലെ കാനേഷുമാരി അനുസരിച്ച് കേരളത്തിലെ ജനസംഖ്യ വർദ്ധിച്ച സാഹചര്യത്തിൽ, കേരളത്തിലെ പഞ്ചായത്തുകളിലെ ജനസംഖ്യയും ആകെ സ്ഥാനങ്ങളുടെ എണ്ണവും തമ്മിലുള്ള അനുപാതം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. ജനങ്ങൾക്ക് മെച്ചപ്പെട്ട ഭരണനിർവ്വഹണം പ്രദാനം ചെയ്യുന്ന ആവശ്യത്തിലേക്ക് ജനസംഖ്യയും പഞ്ചായത്തുകളിലെ ആകെ സ്ഥാനങ്ങളുടെ എണ്ണവും തമ്മിലുള്ള അനുപാതം കുറയ്ക്കുന്നതിനായി പഞ്ചായത്തുകളിലെ സ്ഥാനങ്ങളുടെ എണ്ണം ഓരോന്നു വീതം വർദ്ധിപ്പിക്കുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. അതനുസരിച്ച് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 6-ാം വകുപ്പ് (3)-ാം ഉപവകുപ്പ് അനുയോജ്യമായി ഭേദഗതി ചെയ്യുവാനും സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നേടുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

എ. സി. മൊയ്തീൻ.

## 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ (1994-ലെ 13) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

6. പഞ്ചായത്തുകളുടെ അംഗസംഖ്യ.—(1) നേരിട്ടുള്ള തിരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ ഒരു ഗ്രാമപഞ്ചായത്തിന്റെയും ഒരു ബ്ലോക്ക് പഞ്ചായത്തിന്റെയും ഒരു ജില്ലാപഞ്ചായത്തിന്റെയും ആകെ സ്ഥാനങ്ങളുടെ എണ്ണം, ബന്ധപ്പെട്ട പഞ്ചായത്തിന്റെ ഭൂപ്രദേശത്തെ ജനസംഖ്യ പരിഗണിച്ചുകൊണ്ട് (3)-ാം ഉപവകുപ്പിൽ വിനിർദ്ദേശിക്കുന്ന പ്രകാരമുള്ള തോതനുസരിച്ച്, സർക്കാർ വിജ്ഞാപനം ചെയ്യേണ്ടതാണ്.

(2) സർക്കാരിന്, ഓരോ കാനേഷുമാരി അനുസരിച്ച് പ്രസക്ത കണക്കുകൾ പ്രസിദ്ധപ്പെടുത്തിയശേഷം, (3)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള തോതിനുവിധേയമായി, (1)-ാം ഉപവകുപ്പുപ്രകാരം വിജ്ഞാപനം ചെയ്ത ഒരു പഞ്ചായത്തിലെ ആകെ സ്ഥാനങ്ങളുടെ എണ്ണത്തിൽ മാറ്റം വരുത്താവുന്നതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരമോ (2)-ാം ഉപവകുപ്പ് പ്രകാരമോ വിജ്ഞാപനം ചെയ്യുന്ന സ്ഥാനങ്ങളുടെ എണ്ണം,—

(എ) ഒരു ഗ്രാമ പഞ്ചായത്തിന്റെ സംഗതിയിൽ പതിമൂന്നിൽ കുറയാനോ ഇരുപത്തിമൂന്നിൽ കവിയാനോ ;

(ബി) ഒരു ബ്ലോക്ക് പഞ്ചായത്തിന്റെ സംഗതിയിൽ പതിമൂന്നിൽ കുറയാനോ ഇരുപത്തിമൂന്നിൽ കവിയാനോ ;

(സി) ഒരു ജില്ലാ പഞ്ചായത്തിന്റെ സംഗതിയിൽ പതിനാറിൽ കുറയാനോ മുപ്പത്തിരണ്ടിൽ കവിയാനോ പാടുള്ളതല്ല:

എന്നാൽ, ഏതെങ്കിലും തലത്തിലുള്ള ഒരു പഞ്ചായത്തിന്റെ ഭൂപ്രദേശത്തെ ജനസംഖ്യയും അപ്രകാരമുള്ള പഞ്ചായത്തുകളിൽ തെരഞ്ഞെടുപ്പ് മുഖാന്തിരം നികത്തേണ്ടതായ സ്ഥാനങ്ങളുടെ എണ്ണവും തമ്മിലുള്ള അനുപാതം പ്രായോഗികമാകുന്നിടത്തോളം സംസ്ഥാനത്തൊട്ടാകെ ഒന്നു തന്നെയായിരിക്കേണ്ടതാണ്.

(4) ഒരു പഞ്ചായത്തിന്റെ അംഗസംഖ്യ നിശ്ചയിക്കുന്നതിനുള്ള നടപടിക്രമം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.

---